# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1230 13.12.2012-ൽ മറുപടിക്ക്

## തിരുവനന്തപുരത്തെ ഓഫീസേഴ്സ് ക്ലബ്ബിന്റെ ഭൂമി സംബന്ധിച്ച വിശദാംശം

| ചോദ്യം<br><br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) തിരുവനന്തപുരത്തെ ഓഫീസേഴ്സ് ക്ലബ്ബ് സ്ഥിതി ചെയ്യുന്നത് എത്ര ഏക്കർ സ്ഥലത്താണ്; ക്ലബ്ബ് ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണ്; | റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സെന്റ് സ്ഥലത്താണ് ഓഫീസേഴ്സ് ക്ലബ്ബ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ക്ലബ്ബ് സ്വകാര്യ ഉടമസ്ഥതയിലാണ്. |
| ബി) പ്രസ്തുത ക്ലബ്ബ് പാട്ടത്തുക ഇനത്തിൽ നല്കേണ്ട കുടിശ്ശിക എത്രയാണ്; | 31.3.2012 വരെ 401,56,01/-രൂപ കുടിശ്ശികയുണ്ട് |
| സി) ക്ലബ്ബ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | ഉണ്ട് |
| ഡി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാട്ടഭൂമി തിരിച്ചെടുത്തിട്ടുണ്ടോ; പാട്ടക്കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ; കോടതി വിധിക്കുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം? | ഹൈക്കോടതി ഉത്തരവ് പ്രകാരം നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പാട്ടക്കുടിശ്ശികയായ 401,56,01/- രൂപ ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുകയും 26.4.2012 ന് സി.സി.നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ക്ലബ്ബ് അധികാരികളുടെ അപേക്ഷ പ്രകാരം ജില്ലാ കളക്ടർ അവരെ നേരിൽ കേൾക്കുകയും പാട്ടഭൂമി തിരിച്ചെടുക്കുന്നതിനും ഓഫീസേഴ്സ് ക്ലബിന്റെ പൂർണ്ണ അവകാശാധികാരങ്ങൾ പ്രസിഡന്റ് എന്ന നിലയിൽ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കുന്നതിനും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ